സംസ്ഥാനം നടപ്പാക്കുന്ന വൻ പദ്ധതികൾ

55 (T1429) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും ഉൾപ്പെടെ സംസ്ഥാനം നടപ്പാക്കുന്ന വൻ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പൂർത്തീകരിക്കുന്നതിനായി ആകെ എന്ത് തുക ചെലവ് കണക്കാക്കിയിട്ടുണ്ട്; എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയുണ്ടോ; വിശദമാക്കാമോ;

(സി) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി 2011-12 മുതൽ 2015-16 വരെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര കോടി വീതമായിരുന്നു; ട്രഷറിയിൽ നിന്നും ഈ ഇനത്തിൽ ഓരോ വർഷവും ഓരോ പദ്ധതിക്കും പിൻവലിക്കപ്പെട്ട തുക എത്ര വീതം;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ മേല്പറഞ്ഞ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം നൂറ് ശതമാനവും പൂർത്തിയാക്കിക്കൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിയും; അതിനെല്ലാം കൂടി ആകെ എന്ത് തുക ഈ കാലയളവിൽ ചെലവഴിക്കേണ്ടതായി വരും;വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതുമായ വൻ പദ്ധതികൾ താഴെ പറയുന്നവയാണ്:

(1) കൊച്ചി മെട്രോ പദ്ധതി.

(2) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം

(3) കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതി.

(4) ആലപ്പുഴയിലും കൊല്ലത്തും ബൈപ്പാസുകളുടെ നിർമ്മാണം.

(5) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം - ഓഹരി വിതരണം ചെയ്യൽ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	വിഹിതം (കോടിയിൽ)
2013-14	846.03
2014-15	1225.00
2015-16	2000.00
2016-17	2536.07

പിൻവലിക്കപ്പെട്ട തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

പേട്ടണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം

56 (1430) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ പേട്ടണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പാക്കുന്നതിന് പദ്ധതിയുണ്ടായിരുന്നുവോ;

(ബി) ഈ പദ്ധതിക്ക് അന്തിമ അനുമതി ആസൂത്രണ ബോർഡ് എന്നാണ് നൽകിയത്;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ല പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

(ബി) & (സി) 2015-16-ലെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആവശ്യമായ വിഹിതം "മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ടിൽ" ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly